നമ്പർ.400832/GGGR09/GPO/2023/4556/(1)

പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് ആഫീസ്

പെരുവെമ്പ്
പെരുവെമ്പ്.പി.ഓ
പാലക്കാട്
E-mail:ddpperuvembapkd@gmail.com

തീയതി : 01/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,പാലക്കാട്

സർ,

വിഷയം:- പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ ചെറുകിട വ്യവസായം തുടങ്ങാൻ അനുമതി ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതി റിപ്പോർട്ട് സംബന്ധിച്ച്

സൂചന:- അങ്ങയുടെ ഓഫീസിൽ നിന്നുള്ള 27/11/2023 തീയ്യതിയിലെ LSGD/JD/PKD/6384/2023-I2 നമ്പർ കത്ത്.

പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ ചെറുകിട വ്യവസായം തുടങ്ങാൻ അനുമതി ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ കെ പ്രമോദ് കൽപ്പടയ്ക്കൽ വീട് ,കടക്കുറിശ്ശി ,കണ്ണാടി എന്നിവർ സമർപ്പിച്ച അപേക്ഷ ശ്രീ മനോജ് വടക്കേപ്പാട്ട് ശ്രീമതി ബീന എന്നിവരുടെ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷയാണ്. പരാതിയിൽ പ്രതിപാദിച്ച പ്രകാരം അപേക്ഷകൻ ശ്രീ ഷാഹുൽഹമീദ് എന്നയാളുടെ അപേക്ഷയല്ല എന്ന വിവരം സമർപ്പിക്കുന്നു. അപേക്ഷയിലെ രേഖകളും വില്ലേജ് രേഖകളും വ്യതിയാനം ഉള്ളതിനാലും പ്ലാനിലെ അളവുകളും വ്യതിയാനമുള്ളതിനാൽ ന്യൂനത പരിഹരിച്ച് അപേക്ഷ സമര്പ്പിക്കുന്നതിന് സമയബന്ധിതമായി കത്തിടപാടുകൾ നടത്തി അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ് .ആയത് പരിഹരിച്ച് അപേക്ഷകൻ രേഖകൾ സമര്പ്പിച്ചതും പ്രസ്തുത കെട്ടിടത്തിൻറെ ക്രമവത്ക്കരണ അപേക്ഷയിൻ മേൽ നിയമാനുസൃത ഫീ ഈടാക്കി കെട്ടിട നമ്പർ അനുവദിച്ച് ഫയൽ തീര്പ്പ് കൽപ്പിച്ചിട്ടുള്ളതാണ് എന്ന് വിവരം സവിനയും സമര്പ്പിക്കുന്നു. പരാതിയുമായി ബന്ധപ്പെട്ട ഫയലിൽ സ്വീകരിച്ച നടപടികൾ താഴെ പ്രകാരം സമര്പ്പിക്കുന്നു .

പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ ശ്രീ മനോജ് വടക്കേപ്പാട്ട് & ശ്രീമതി ബീന എന്നിവരുടെ ഉടമസ്ഥതയിലുള്ള പെരുവെമ്പ് വില്ലേജിലെ 136/26,136/27,136/30,136/5 സർേവ്വനമ്പറുകളിലുള്ള157 ച.മീ സ്ഥലത്ത് 205.8 ച.മീ അളവിലുള്ള വാണിജ്യ കെട്ടിടത്തിൻറെ ക്രമവൽക്കരണ അപേക്ഷ 24/02/2023 ന് പഞ്ചായത്ത് ഓഫീസിൽ സമര്പ്പിച്ചിരുന്ന കൈവശാവകാശ രേഖകളിലും സർേവ്വ നമ്പറുകളിലുള്ള വ്യതിയാനം വ്യക്തമാക്കുന്നതിന് അപേക്ഷകന് വില്ലേജ് രേഖകൾ ലഭ്യമാക്കുന്നതിന് 09/03/2023 ന് കത്ത് നൽകുകയും ആയത് പ്രകാരം 14/03/2023 ന് ശ്രീ മനോജ്

വടക്കേപ്പാട്ട് സമര്പ്പിച്ച രേഖകൾ സഹിതം 04/04/2023 ന് എഞ്ചിനീയറിങ് വിഭാഗം പരിശോധിക്കുകയും ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് 05/04/2023 ന് കത്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്.സ്ഥല പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയും പ്രകാരം സമർപ്പിക്കുന്നു.

സ്ഥലം പരിശോധിച്ചതിൽ പ്ലാനിൽ രേഖപെടുത്തിയതിനേക്കാൾ കൂടുതൽ നിർമ്മാണം നടത്തിയതായും പ്ലാനിൽ രേഖപ്പെടുത്തിയ ഷെഡിനോട് ചേർന്നു ഒരു ടോയ്‌ലെറ്റും രണ്ട് മുറികളും നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു.പ്ലാനിൽ ടോയ്‌ലറ്റ് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത് .അധികനിർമ്മാണം നടത്തിയ കെട്ടിടം പ്രസ്തുത സ്ഥലത്തിൻറെ വടക്കുഭാഗം അതിർത്തിയോട് ചേർന്നാണ് നിൽക്കുന്നത് .ഈ ഭാഗത്തു ആവശ്യമായ setback അളവ് ലഭ്യമല്ല .അതിർത്തിയളവുകൾ സൈറ്റിലും പ്ലാനിലും വ്യതിയാനമുള്ളതായി കാണപ്പെട്ടു.കൂടാതെ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത കെട്ടിടം ഏത് ഉപയോഗ ആവശ്യത്തിന് എന്നും രേഖപ്പെടുത്തിയിരുന്നില്ല.പ്രസ്തുത ന്യൂനതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേല്പറഞ്ഞ ന്യൂനതകൾ പരിഹരിച്ചു അപേക്ഷയുടെ ഉപയോഗ ക്രമം വ്യവസായ ആവശ്യത്തിനായി മാറ്റം വരുത്തി ശ്രീ .മനോജ് വടക്കേപ്പാട്ട് & ശ്രീമതി .ബീന എന്നവർ 20/04/2023 ന് പുനഃ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 27/ 04/ 2023 ന് ക്രമവൽക്കരിച്ചു നൽകുന്നതിനായി എഞ്ചിനീയറിങ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത് പ്രകാരം ടി കെട്ടിടത്തിൻറെ ക്രമവൽക്കരണ ഫീ 03/05/2023 ന് ഇടാക്കി 03/05/2023 ന് കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുള്ളതാണ് എന്ന വിവരം സമർപ്പിക്കുന്നു

വിശ്വസ്തതയോടെ,

സുനിൽ കുമാർ സി
അസിസ്റ്റൻറ് സെക്രട്ടറി

Signature Not Verified
Digitally signed by SUNIL KUMAR C
Date: 2023.12.01 12:53:29 IST
Reason: ILGMS Govt. of kerala